(ഡി) പേ വിഷ ബാധയ്ക്കെതിരായ വാക്സിൻ, ഹെപ്പറ്റൈറ്റിസ് വാക്സിൻ തുടങ്ങിയവ വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നു എന്ന ആരോപണത്തിൻമേൽ വിജിലൻസ് വകുപ്പ് വിശദമായ അന്വേഷണം നടത്തിവരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടിയും കൈക്കൊണ്ടിട്ടുണ്ട്. പേ വിഷബാധക്കെതിരായ വാക്സിൻ വാങ്ങിയതിൽ ഉള്ള ക്രമക്കേടുകളെ സംബന്ധിച്ച് നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്മേൽ സർക്കാർ നടപടി സ്വീകരിച്ചു വരികയാണ്. കൂടാതെ ക്ഷയരോഗ ചികിത്സക്കുള്ള സൈക്ലോസെറിൻ എന്ന മരുന്ന് വാങ്ങിയതിൽ ക്രമക്കേടുണ്ടെന്ന ആരോപണവും വിജിലൻസ് അന്വേഷിക്കുന്നുണ്ട്.

(ഇ) പ്രതിപക്ഷ നേതാവ് നൽകിയ പരാതി സർക്കാർ പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ പ്രൊഫഷണൽ ദന്തൽ കോളേജ് പ്രവേശനം

132. [899] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ തീരുമാനിച്ചതിലധികം തുക ഏതെങ്കിലും മാനേജ്മെന്റ് വിദ്യാർത്ഥികളിൽനിന്നും അധികമായി ഈടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധമായി സർക്കാർ ഏതെങ്കിലും നിലയിൽ അന്വേഷണം നടത്തുകയുണ്ടായോ ?

ഉത്തരം

(എ) 2004-05 അദ്ധ്യയന വർഷം മുതൽ ജസ്റ്റീസ് കെ.റ്റി. തോമസ് കമ്മിറ്റി നിശ്ചയിച്ച ഫീസാണ് സ്വാശ്രയ കോളേജുകളിൽ ബി.ഡി.എസ്. കോഴ്സിന് നിലവിലുള്ളത്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ആയുർവ്വേദ, സിദ്ധ, യുനാനി ഔഷധങ്ങൾക്ക് പ്രത്യേക ഡ്രഗ്സ് കൺട്രോൾ വിഭാഗം

133. [900] ശ്രീ. സി.കെ. നാണു :
" എ.സി. ഷൺമുഖദാസ് :
" കെ.പി. മോഹനൻ :
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര പദ്ധതി പ്രകാരം ആയുർവ്വേദ, സിദ്ധ, യുനാനി ഔഷധങ്ങൾക്ക് പ്രത്യേക ഡ്രഗ്സ് കൺട്രോൾ വിഭാഗം നടപ്പിലാക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ആയുർവ്വേദ, സിദ്ധ, യുനാനി ഔഷധ നിർമ്മാണ രംഗത്തിന്റെ അഭിവൃദ്ധിക്കായി കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇക്കാര്യത്തിനായി 2003 വർഷത്തിൽ കേന്ദ്രസർക്കാർ അനുവദിച്ച തുക ചെലവഴിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കേന്ദ്ര പദ്ധതികൾ പ്രകാരം ആവശ്യമായ തുക ലഭ്യമാകും എന്നിരിക്കെ ആയുർവ്വേദ വിഭാഗത്തിന് പ്രത്യേക ഡ്രഗ്സ് കൺട്രോൾ വകുപ്പ് രൂപീകരിക്കുന്നതിലേക്കായി തിരുവനന്തപുരം ആരോഗ്യഭവന് മുകളിൽ ഒരു നില കെട്ടിടം കൂടി പ്രത്യേകം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആയുർവ്വേദ, സിദ്ധ, യുനാനി ഔഷധങ്ങളുടെ ലൈസൻസിംഗ് അതോറിറ്റിയായി ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറിനെ 16-2-2004-ൽ നിയമിച്ചു. കൂടാതെ മേൽ വിഭാഗങ്ങൾക്കായി ഒരു ഡ്രഗ്സ് കൺട്രോളറുടെതുൾപ്പെടെ മൂന്ന് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ആയുർവ്വേദ, സിദ്ധ, യുനാനി ഔഷധങ്ങളുടെ ഗുണ പരിശോധനക്കായി പുതിയ ഒരു ലബോറട്ടറി തുടങ്ങുന്നതിനായുള്ള പദ്ധതി അടുത്ത 5 വർഷത്തേക്കുള്ള സർക്കാരിന്റെ കർമ്മപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) 2003-04 വർഷത്തിൽ കേന്ദ്രസർക്കാർ 7.78 ലക്ഷം രൂപ അനുവദിച്ചത് വർഷാവസാനമായതിനാൽ ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആ തുക 2005-06 വർഷത്തിൽ റീ വാലിഡേറ്റ് ചെയ്ത് നൽകുന്നതിനുള്ള നടപടി കൈക്കൊണ്ടു വരുന്നു.

(ഡി) പ്രത്യേക ഡ്രഗ്സ് കൺട്രോൾ വിഭാഗം രൂപീകരിക്കുന്ന കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിക്ക് പുതുതായി നിർമ്മിച്ച കെട്ടിടം

134. [901] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly